(സി) ഇതിലേതെങ്കിലും സ്ഥാപനം പിന്നീട് തുറന്നു പ്രവർത്തിക്കുക യുണ്ടായോ; എങ്കിൽ ഏതെല്ലാം;

(ഡി) അടച്ചുപൂട്ടിയ സ്ഥാപനങ്ങളിൽ എത്ര തൊഴിലാളികൾ ഉണ്ടാ യിരുന്നു;

(ഇ) അവരിൽ എത്രപേർക്ക് വോളന്ററി റിട്ടയർമെന്റ് നൽകി;

(എഫ്) അടച്ചുപൂട്ടിയ വ്യവസായ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പി ക്കുന്നതിന് നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം വ്യവസായവ കുപ്പിന്റെ അധീനതയിലുള്ള ഒരു പൊതുമേഖലാ വ്യവസായവും അടച്ചുപൂട്ടി യിട്ടില്ല.

(ബി)-(എഫ്) ചോദ്യം ഉദിക്കുന്നില്ല.

കുണ്ടറ സിറാമിക്സിലെ സംവരണം

19 (3094) ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവ സായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ സിറാമിക്സിൽ ജീവനക്കാരുടെ നിയമനത്തിൽ സംവ രണതത്വം പാലിക്കപ്പെട്ടിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ സംവരണതത്വം പാലിക്കാൻ വേണ്ടി സത്വര നടപ ടികൾ സ്വീകരിക്കുമോ;

(സി) സംവരണതത്വം പാലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിയമ സഭാ പട്ടികജാതി ക്ഷേമനിധി എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഇ) സിറാമിക്സിൽ പട്ടികജാതി സംവരണം ഉറപ്പാക്കുന്നതിന് നട പടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പട്ടികജാതി സംവരണതത്വം മാനേജീരിയൽ കാറ്റഗറിയിൽ ഒഴികെ പൂർണ്ണമായും പാലിച്ചിട്ടുണ്ട്. മാനേജീരിയൽ കാറ്റഗറിയിലെ ഒഴിവു നികത്തുന്നതിനു വേണ്ടി അസിസ്റ്റന്റ് പ്ലാന്റ് മാനേജർ തസ്തികയിലേക്ക് അപേക്ഷകൾ ക്ഷണിച്ച് യോഗ്യമായ ഉദ്യോഗാർത്ഥികളെ ഇന്റർവ്യൂ നടത്തുന്ന തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പട്ടികവർഗ്ഗ സംവരണതത്വം പാലിക്കുന്നതിനു വേണ്ടി സ്റ്റാഫ് കാറ്റഗറി യിലേക്ക് പി.എസ്.സി. വഴി നിയമനം നടത്തുന്നതിനുള്ള നടപടികൾ പൂർത്തി യായിവരുന്നു.

വർക്കർ കാറ്റഗറിയിൽ പട്ടികവർഗ്ഗ സംവരണതത്വം പാലിക്കുന്നതിനു വേണ്ടി താൽക്കാലികമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി 7 കാഷ്വൽ വർക്കറെ നിയമിച്ചിട്ടുണ്ട്.

(ബി) ഉദിക്കുന്നില്ല.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി)-(ഇ) സമിതിയുടെ നിർദ്ദേശാനുസരണം സംവരണ തത്വം പാലിക്കുന്നതിന് വേണ്ട സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സിഡ്കോയുടെ വ്യാവസായിക പാർക്കുകൾ

20 (3095) ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം ജില്ലകളിൽ സിഡ്കോയുടെ വ്യാവസായിക പാർക്കുകൾ സ്ഥാപിക്കുവാനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്;

(ബി) ഏതെല്ലാം ജില്ലകളിൽ പൂർത്തീകരണ ഘട്ടത്തിലാണ്;

(സി) സംസ്ഥാനത്തെ എല്ലാ നിയമസഭാ മണ്ഡലങ്ങളിലും സിഡ്കോ ആരംഭിക്കുന്ന വ്യാവസായിക യൂണിറ്റുകളുടെ പൂർത്തീകരണം എപ്പോൾ നടക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ.

(ബി) പാലക്കാട്, തൃശ്ശൂർ, എറണാകുളം, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിൽ പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു.

(സി) വ്യവസായ പാർക്കിനാവശ്യമായ സ്ഥല ലഭ്യത വ്യവസായ സംരംഭകരുടെ പങ്കാളിത്തം എന്നിവയെ ആശ്രയിച്ചാണ് പദ്ധതിയുടെ പൂർത്തീകരണം.

സിഗ്നൽ ടെലിവിഷൻ കമ്പനി

21 (3096) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരിയിൽ പ്രവർത്തിക്കുന്ന സിഗ്നൽ ടെലിവിഷൻ കമ്പനി കഴിഞ്ഞ നാലുവർഷമായി ലാഭത്തിലാണോ, നഷ്ടത്തിലാണോ പ്രവർത്തിക്കുന്നതെന്നു വ്യക്തമാക്കുമോ;

(ബി) നഷ്ടത്തിലാണെങ്കിൽ ഈ കമ്പനി ലാഭകരമാക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇതിലെ തൊഴിലാളികൾക്ക് ശമ്പളകുടിശ്ശികയുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇത് എന്നത്തേയ്ക്കു കൊടുത്തുതീർക്കുമെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) നഷ്ടത്തിലാണ്.

(ബി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly